## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3867** **12/12/2018-ന് മറുപടിക്ക്**

**<u>പറമ്പിക്കുളം - ആളിയാർ പദ്ധതി (പി.എ.പി)</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി. ഇ.എസ്. ബിജി മോൾ**<br>**ശ്രീ. വി.ആർ. സുനിൽ കുമാർ**<br>**ശ്രീ. മുഹമ്മദ് മുഹസിൻ. പി** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) പറമ്പിക്കളം - ആളിയാർ പദ്ധതി (പി.എ.പി) കരാർ വിലയിരുത്തിയിട്ടുണ്ടോ ; | എ) വിലയിരുത്തിയി ട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി എന്ന് നിലവിൽ വന്നെന്നും ,പദ്ധതിയുടെ കാലാവധിയും കരാർ വ്യവസ്ഥകൾ പുനഃപരിശോധിക്കുന്നതിനുള്ള കാലയളവും വ്യക്തമാക്കുമോ ; | ബി) കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവെച്ച പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ 09.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ 29.05.1970-ൽ നിലവിൽ വന്നു. കരാറിലെ വ്യവസ്ഥകൾ, അനുഭവത്തിന്റെ വെളിച്ചത്തിൽ ഓരോ 30 വർഷം കഴിയുമ്പോൾ പുനരവലോകനം ചെയ്യണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| സി) കഴിഞ്ഞ അറുപത് വർഷക്കാലമായി ഈ കരാർ കൊണ്ട് നേട്ടമുണ്ടാക്കുന്നത് തമിഴ്നാട് ആണെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | സി) പരിശോധിച്ചിട്ടുണ്ട്. പറമ്പിക്കുളം - ആളിയാർ കരാറനുസരിച്ച് ചാലക്കുടിപുഴ, ഭാരതപ്പുഴ, പെരിയാർ എന്നീ നദീതടങ്ങളിൽ നിന്നും കേരളത്തിനുള്ള വിഹിതം എത്രയാണെന്ന് കൃത്യമായി കരാറിൽ പ്രതിപാദിച്ചിട്ടുണ്ട്. 1970-നു ശേഷം, ചില ജലവർഷങ്ങളിൽ, കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ജലം കേരളത്തിന് ലഭിച്ചിട്ടില്ല. ഇത് മുൻനിർത്തി, കേരളത്തിന് കൂടുതൽ പ്രയോജനമുണ്ടാക്കുന്ന |

| | |
|---|---|
| | തരത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനാണ് കേരളം ഇപ്പോൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. |
| ഡി) മുപ്പത് വർഷത്തിലൊരിക്കൽ കരാർ വ്യവസ്ഥകൾ സംബന്ധിച്ച പുനരാലോചന നടത്താമെന്ന ഉഭയകക്ഷി കരാർ പ്രകാരം 2018-ൽ പുനരാലോചന നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | ഡി) 19/01/2018-ന് തിരുവനന്തപുരത്ത് രണ്ട് സംസ്ഥാനങ്ങളും തമ്മിൽ നടന്ന സെക്രട്ടറി തല ചർച്ചയിലും 02.05.2018ന് ന്യൂഡെൽഹിയിൽ, കേന്ദ്ര ജലകമ്മീഷൻ വിളിച്ചു ചേർത്ത തെക്കൻ സംസ്ഥാനങ്ങളുടെ ഒന്നാമത് റീജിയണൽ കോൺഫറൻസിലും, പറമ്പിക്കുളം-ആളിയാർ കരാർ പുന രവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. കേരളത്തോടും തമിഴ്നാടിനോടും കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കാനും, ചർച്ചകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര ജലകമ്മീഷനെ അറിയിക്കാനും യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് 2018 ജൂൺ 19-ാം തീയതി നടന്ന യോഗത്തിൽ കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്നു തമിഴ്നാടിനോട് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഇ) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ ഉന്നയിച്ച് കരാർ പുതുക്കിയെഴുതുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ? | ഇ) കരാർ ലംഘനങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ, പറമ്പിക്കുളം - ആളിയാർ കരാറുമായി ബന്ധപ്പെട്ട വിവിധ ചർച്ചകളിൽ കേരളം നിരന്തരം ഉന്നയിച്ചുവരുകയാണ്. പറമ്പിക്കുളം -ആളിയാർ പദ്ധതിയിൽ നിന്നും കേരളത്തിന് കൂടുതൽ പ്രയോജനം ലഭ്യമാക്കുന്ന തരത്തിൽ കരാർ പുനരവലോകനം ചെയ്യുന്ന ചർച്ചകളുമായി മുന്നോട്ടു പോകാനാണ് കേരളം ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**